പമ്പാ നദിയുടെ ജലം മലിനീകരണ നിർണ്ണയത്തിനു് ശബരിമല ഉത്സവകാലത്തു് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസും ലബോറട്ടറിയും പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്നു. തന്മൂലം പമ്പാ നദിയുടെ ജലമലിനീകരണം കുറയ്ക്കുവാൻ കഴിയുന്നുണ്ടു്. പെരിയാറിലേയ്ക്കു് വ്യവസായങ്ങൾ ഒഴുക്കുന്ന പാഴ്ജലം നിയന്ത്രിക്കുന്നതിനു് പ്രത്യേക പ്രാധാന്യം നൽകുകയും അതിനായി ഉദ്യോഗമണ്ഡലത്തിൽ ഉള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസു് വിപുലീകരിക്കുകയും ചെയ്തിട്ടുണ്ടു്. കൂടാതെ മാനേജ്മെന്റു് ഫണ്ടു് ഉപയോഗിച്ചു് നദീതീര സംരക്ഷണ പ്രവർത്തികളും നടത്തിവരുന്നുണ്ടു്.

ഒഴിവിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകളിൽ നിയമിക്കുന്ന നടപടി

4. [379] ശ്രീ. എ. എൻ. രാജൻ ബാബു:
ശ്രീമതി ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ. കെ. ഷാജു:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകളിൽ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ ഇതുവരെ എത്ര ചാരായ തൊഴിലാളികൾക്കു് നിയമനം ലഭിച്ചിട്ടുണ്ടു്;

(സി) കള്ളുഷാപ്പുകളിൽ എത്ര ചാരായ തൊഴിലാളികളെ നിയമിക്കുന്നതിനാണു് ലിസ്റ്റു് തയ്യാറാക്കിയിട്ടുള്ളതു്;

(ഡി) ഇതുവരെ എത്ര പേർക്കു് നിയമനം നൽകി;

(ഇ) ഇക്കാര്യത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണു്;

(എഫ്) ഈ തടസ്സങ്ങൾ ഒഴിവാക്കുന്നതിനു് എന്തു നടപടി സ്വീകരിക്കാനാണു് സർക്കാർ ഉദ്ദേശിക്കുന്നതു് എന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-2-2002-ലെ സർക്കാർ ഉത്തരവു് നം. (ആർ.ടി.) 81/02/നി.വ. പ്രകാരം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ഷാപ്പിയിൽ തുറക്കുന്ന ചില്ലറ വിൽപ്പന ശാലകളിൽ ദിവസ വേതന ജീവനക്കാരുടെ ഒഴിവുകളിൽ 25 ശതമാനം അബ്കാരി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തതും 1-4-1996-ലെ ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരുമായ ചാരായ തൊഴിലാളികളെ നിയമിക്കണമെന്നും തുടർന്നു് 7-8-2004-ലെ സർക്കാരിന്റെ ഉത്തരവു് നം. 367/04/നി.വ. പ്രകാരം മരണമടഞ്ഞതുമായ തൊഴിലാളികളുടെ ആശ്രിതർക്കു് മേൽപ്പറഞ്ഞ നിയമനങ്ങൾ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഇതുപ്രകാരം വിവിധ ജില്ലകളിലായി 51 പേരെ ബിവറേജസ് കോർപ്പറേഷനിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചെങ്കിലും നിയമനം നൽകേണ്ടവരെ സംബന്ധിച്ച വിശദവിവരങ്ങൾ കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ബോർഡിനോടു് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭിക്കാത്തതിനാൽ നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) ഒരു കള്ളുഷാപ്പിൽ ഒരു ചാരായ തൊഴിലാളി എന്ന ക്രമത്തിൽ 6563 പേരുടെ ലിസ്റ്റ് ജില്ലാതല സീനിയോറിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

(ഡി—എഫ്) 4015 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്, ചാരായ തൊഴിലാളികളുടെ സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച കേസുകളും തർക്കങ്ങളും നിലവിൽ വരുകയും തുടർന്ന് ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വരുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്, ഈ വിഷയത്തിൽ കള്ളുഷാപ്പു ലൈസൻസികളും ചെത്തു തൊഴിലാളികളും ചാരായ തൊഴിലാളികളുടെ വിവിധ സംഘടനകളും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളുടെ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടായ കാലതാമസവും നിയമനങ്ങൾ താമസിക്കാൻ കാരണമായി. കൂടാതെ ചാരായ തൊഴിലാളികളെ കള്ളുഷാപ്പുകളിൽ നിയമിക്കുന്നതു സംബന്ധിച്ച് സമസ്ത ചെത്ത് തൊഴിലാളി യൂണിയനും ആലത്തൂർ താലൂക്ക് ചെത്ത് തൊഴിലാളി യൂണിയനും സുപ്രീം കോടതിയിൽ എസ്. എൽ. പി. ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ സുപ്രീം കോടതി 2-5-2005-ൽ ഇടക്കാല സ്റ്റേ പുറപ്പെടുവിക്കുകയും ചെയ്തു. ഈ കേസ്സിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിനും സ്റ്റേ നീക്കുന്നതിനും അടിയന്തിര നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വാറ്റ് നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ വ്യാപാരമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

5 [380] ശ്രീ. കെ. രാധാകൃഷ്ണൻ:
,, എം. വി. ജയരാജൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നടപ്പാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തെ വ്യാപാര മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കേന്ദ്ര എംപവർ കമ്മിറ്റിയുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2005 മുതൽ സംസ്ഥാനത്ത് നിലവിൽ വന്ന മൂല്യ വർദ്ധിത നികുതി നിയമം അതിനുമുമ്പ് നിലവിലുണ്ടായിരുന്ന കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ നിന്നും വളരെ വ്യത്യസ്ഥമാണ്. പൊതുവിൽപ്പന നികുതി നിയമപ്രകാരം ഉൽപ്പന്നങ്ങളുടെ ആദ്യ വിൽപ്പന ഘട്ടത്തിലോ അവസാന വിൽപ്പന ഘട്ടത്തിലോ ആയിരുന്നു നികുതി ഈടാക്കിയിരുന്നത്. എന്നാൽ മൂല്യവർദ്ധിത നികുതി നിയമ പ്രകാരം ഉൽപ്പന്നങ്ങളുടെ എല്ലാ വിൽപ്പന ഘട്ടത്തിലും മൂല്യവർദ്ധന വിൻമേൽ നികുതി ഈടാക്കേണ്ടതാണ്. കൂടാതെ ഒരു വ്യാപാരി കച്ചവടത്തിനായി ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ നൽകിയ നികുതി പ്രതിമാസ റിട്ടേൺ വരവിൻമേൽ അടയ്ക്കേണ്ട നികുതിയിൽ നിന്നും കിഴിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly